II ഇ.ബി. XV-കേരള നിയമസഭ/II-8

**പതിനഞ്ചാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2021 ആഗസ്റ്റ് 2, തിങ്കൾ

നിയമസഭ രാവിലെ 9.00-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

19 (*211) നോൺ മേജർ തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ പ്രധാനപ്പെട്ട നോൺ മേജർ തുറമുഖങ്ങളായ ബേപ്പൂർ, അഴീക്കൽ, കൊല്ലം എന്നിവിടങ്ങളിൽ ചാനൽ ബേസിൻ, വാർഫ്, റീച്ച് സ്റ്റാക്കറുകൾ, ക്രെയിനുകൾ, ടഗ്ഗുകൾ, വെയിംഗ് മെഷീൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും കൊച്ചിയിൽ നിന്നും അഴീക്കൽ, ബേപ്പൂർ തുറമുഖങ്ങളിലേക്ക് ചരക്കുകപ്പൽ കണ്ടെയ്നർ സർവ്വീസ് ആരംഭിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കൊല്ലം തുറമുഖത്ത് മൾട്ടി പർപ്പസ് ബർത്തിന്റെ നീളം 105 മീറ്റർ ആയി

വർദ്ധിപ്പിക്കുകയും ബേപ്പൂർ, കൊല്ലം തുറമുഖങ്ങളിൽ റോഡ്/റെയിൽ കണക്ടിവിറ്റി സ്ഥാപിക്കുന്നതിന് Indian Port Rail Corporation Ltd (ഐ.പി.ആർ.സി.എൽ)-നെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അഴീക്കലിൽ പി.പി.പി. മോഡലിൽ ആധുനിക രീതിയിലുള്ള തുറമുഖം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ആദ്യഘട്ട വികസനത്തിന്റെ ടെക്നോ എക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) അംഗീകരിക്കുകയും വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കുന്നതിനും വ്യവസായ വികസനത്തിനായി ഒരു SEZ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും പൊന്നാനി തുറമുഖവും പി.പി.പി. മോഡലിൽ വികസിപ്പിക്കുന്നതിന് മലബാർ പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുമായി കൺസഷൻ എഗ്രിമെന്റ് ഒപ്പുവയ്ക്കുകയും നിലവിലുള്ള പ്രതിബന്ധങ്ങൾ നീക്കി മുന്നോട്ടുപോകുന്നതാണെന്നും മന്ത്രി അറിയിച്ചു. വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമിയും തൊഴിലും നഷ്ടപ്പെട്ടവർക്ക് പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ക്രൂ ചെയിഞ്ചിംഗിനായി സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് സിസ്റ്റം തയ്യാറാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. തലശ്ശേരി പിയർ കടൽപ്പാലം സംരക്ഷിക്കുന്നതിന്

കൺസൾട്ടൻസിയെ നിയമിച്ച് നടപടികൾ ത്വരിതപ്പെടുത്തുകയും കാസർഗോഡ് ജില്ലയിൽ മാരിടൈം അക്കാഡമി സ്ഥാപിക്കുന്ന കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കുകയും ചെയ്യുന്നതാണ്. റിട്ടേൺ കാർഗോ ലഭിക്കാത്ത സാഹചര്യത്തിൽ ഷിപ്പിംഗ് ലൈനുകൾക്ക് ഉണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ ഇൻസെന്റീവ് ഏർപ്പെടുത്തുകയും എല്ലാ തുറമുഖങ്ങളിലും ആവശ്യമായ ഡ്രഡ്ജിംഗും മെയിന്റനൻസും നടത്താൻ മാരിടൈം ബോർഡിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ടെന്ന് ഉപചോദ്യത്തിനു മറുപടിയായി മന്ത്രി വ്യക്തമാക്കി.

(ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി രാജിവയ്ക്കാത്തതിൽ പ്രതിഷേധിച്ച് ചോദ്യകർത്താക്കൾ (*212)-ാം നമ്പർ ചോദ്യം ഉന്നയിക്കാതെ മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ അടുത്ത ചോദ്യത്തിലേയ്ക്ക് കടന്നു.)

20 (*213) <u>വിനോദസഞ്ചാര മേഖലയുടെ പുനരുജ്ജീവനം</u>

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, 'സുരക്ഷിതമാണ് കേരളം' എന്ന

പ്രചരണത്തിലൂടെ ആഭ്യന്തര വിനോദസഞ്ചാര മേഖലയ്ക്ക് മുൻതൂക്കം നൽകുന്ന പരിപാടികൾ സംഘടിപ്പിക്കുകയും പ്രസ്തുത മേഖലയുടെ സമഗ്ര വികസനത്തിനും അൺഎക്സ്പ്ലോഡഡ് ടൂറിസം ഡെസ്റ്റിനേഷനുകളെ മെച്ചപ്പെടുത്തുന്നതിനുമായി പ്രത്യേക ആപ്പ് കൊണ്ടുവരുന്നതാണെന്നും സഭയെ അറിയിച്ചു. വിനോദസഞ്ചാര മേഖലയുടെ സ്തംഭനാവസ്ഥയ്ക്ക് പരിഹാരം കാണാൻ മുൻസർക്കാർ കൊണ്ടുവന്ന പദ്ധതികൾ തുടരാനും ടി മേഖലയുടെ ഉത്തേജനത്തിനായി നടപ്പാക്കിവന്ന പോസ്റ്റ് കോവിഡ് ക്യാമ്പയിനുകൾ പുതിയ രൂപത്തിൽ അവതരിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെന്നും കൊച്ചി, തലശ്ശേരി, നോർത്ത് മലബാർ റീജിയൺ മാസ്റ്റർ പ്ലാനുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്നും ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് റിവോൾവിംഗ് ഫണ്ട് നൽകാനുള്ള പദ്ധതി പരിഗണനയിലാണെന്നും മന്ത്രി അറിയിച്ചു. ആയുർവേദ സെന്ററുകൾ, റസ്റ്റോറന്റുകൾ, ഹോംസ്റ്റേകൾ, സർവീസ്ഡ് വില്ലകൾ, ഗൃഹസ്ഥലി, അമ്യൂസ്മെന്റ് പാർക്ക്, അഡ്വഞ്ചർ ടൂറിസം, ഗ്രീൻഫാം തുടങ്ങിയവയുടെ അംഗീകാരം/അക്രഡിറ്റേഷൻ ഉപാധികളില്ലാതെ 2021 ഡിസംബർ 31 വരെ

പുതുക്കി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ബേക്കൽ ടൂറിസം കേന്ദ്രത്തിന്റെ സമഗ്ര വികസനത്തിന് പദ്ധതികളാവിഷ്ക്കരിക്കുകയും ഹോം സ്റ്റേകൾക്ക് അനുമതി നൽകുന്ന കാര്യം തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുകയും ചെയ്യുന്നതാണ്. കോവിഡ് കാരണം ടൂറിസം മേഖലയിൽ 33000 കോടി രൂപയുടെയും ഫോറിൻ എക്സ്ചേഞ്ചിൽ 7000 കോടി രൂപയുടെയും നഷ്ടമുണ്ടായിട്ടുണ്ട്. കോവിഡിന്റെ മൂന്നാം തരംഗം മുന്നിൽ കണ്ട് ആരോഗ്യ വകുപ്പ് നിഷ്ക്കർഷിക്കുന്ന മാനദണ്ഡം അനുസരിച്ച് മാത്രമെ ടൂറിസം കേന്ദ്രങ്ങൾ തുറന്നു കൊടുക്കാൻ കഴിയുകയുള്ളൂ. വടകര വെള്ളിയാങ്കല്ലിലേയ്ക്ക് ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും കണ്ണവം, മയ്യഴിപ്പുഴ-വാകമല-കനകമല എന്നിവിടങ്ങളെ ഉൾപ്പെടുത്തി ഗ്രാമീണ ടൂറിസം കേന്ദ്രം ആരംഭിക്കുന്ന കാര്യം പരിഗണനയിലാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. കടുത്തുരുത്തിയിലെ Mango Meadows Agricultural Theme Park-ന് സഹായം ലഭ്യമാക്കുന്നതിനെക്കുറിച്ച് പരിശോധിക്കാൻ കെ.എഫ്.സി.-ക്ക് നിർദ്ദേശം നൽകിയതായി ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി വ്യക്തമാക്കി.

21 (*214) <u>അധ്യാപക പരിശീലന പരിപാടികൾ</u>

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) നൽകിയ മറുപടിയിൽ, കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് സർവ്വീസിൽ പ്രവേശിക്കുന്ന അധ്യാപകർക്ക് ഇൻഡക്ഷൻ പരിശീലനവും ഡയറ്റുകൾ കേന്ദ്രീകരിച്ച് 6 മാസം ദൈർഘ്യമുള്ള അധ്യാപക പരിവർത്തന പരിപാടിയും എസ്.സി.ഇ.ആർ.ടി തയ്യാറാക്കുന്ന മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ അവധിക്കാല അധ്യാപക പരിശീലനവും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ക്ലാസ്റൂം വിനിമയം ഫലപ്രദമാക്കുന്നതിനുള്ള ഐ.ടി. അധിഷ്ഠിത പരിശീലനവും നൽകി വരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. പ്രീ-പ്രൈമറി അധ്യാപകർക്ക് "പ്രശിക്ഷാ" എന്ന ഓൺലൈൻ പരിശീലനവും സവിശേഷ വിദ്യാലയത്തിലെ അധ്യാപകർക്ക് മുദ്രികാപാഠം (ശ്രവ്യ പരിമിതി വിഭാഗം), ശ്രുതിപാഠം (കാഴ്ച പരിമിതി), 'ഗണിനിപ്രഭ' എന്നീ പദ്ധതികളും ഏർപ്പെടുത്തിയിട്ടുണ്ട്. അക്കാഡമിക്/ ഭരണപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് എൽ.പി/യു.പി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ പ്രഥമാധ്യാപകർക്കും വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ കരിയർ മാസ്റ്റർമാർക്കും

ഡയറ്റ് ഫാക്കൽറ്റികൾക്കും സീമാറ്റ്-കേരള മുഖേന പരിശീലനം നൽകുകയും ഹയർ സെക്കണ്ടറി അധ്യാപകർക്ക് റസിഡൻഷ്യൽ റിഫ്രഷർ കോഴ്സ് നടത്തുകയും ചെയ്തുവരുന്നുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിലെ പാഠഭാഗങ്ങൾക്ക് അനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങൾ സജ്ജമാക്കി ' സമഗ്ര' പോർട്ടൽ മുഖേന അധ്യാപകർക്ക് ലഭ്യമാക്കുകയും ഇവ സ്വയം നിർമ്മിക്കുന്നതിനാവശ്യമായ സാങ്കേതിക പരിശീലനം 'കൈറ്റ്' മുഖേന നൽകുകയും ചെയ്തിട്ടുണ്ട്. സ്കൂളുകൾ ഹൈടെക്കായി മാറിയ സാഹചര്യത്തിൽ ഓൺലൈൻ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിനും അധ്യാപകനും കുട്ടികളും തമ്മിലുള്ള ആശയവിനിമയം സാധ്യമാക്കുന്നതിനും അധ്യാപകർക്ക് ആവശ്യമായ പരിശീലനവും പിന്തുണയും നൽകിവരുന്നുണ്ട്. നിയമാനുസൃത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂൾതല ഓൺലൈൻ ക്ലാസ്സുകൾക്ക് പൊതു പ്ലാറ്റ്ഫോം ഒരുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നും പത്താം ക്ലാസ്സ് പരീക്ഷ വിജയിച്ച എല്ലാ കുട്ടികൾക്കും ഉപരിപഠന സാധ്യതകൾ ഉറപ്പുവരുത്തുന്നതാണെന്നും മലബാർ മേഖലയിൽ 20%-ഉം മറ്റ് മേഖലയിൽ 10%-ഉം പ്ലസ് വൺ സീറ്റുകൾ

വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

.